**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 226** **12-10-2026-ൽ മറുപടിയ്ക്ക്**

**മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മട്ടന്നൂർ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

**മറുപടി:** മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് KSEB-യെയാണ് നിർവ്വഹണ ഏജൻസി ആയി ചുമതലപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയും എന്നാൽ, നിർമ്മാണ പുരോഗതി കുറവായതിനാൽ, ആദ്യം നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്ന M/s Rajdeep Buildcon Pvt. Ltd. എന്ന കമ്പനിയുമായുള്ള കോൺട്രാക്ട് റദ്ദ് ചെയ്യുകയും തുടർ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെൻഡർ വിളിച്ച് M/s R K Infra (I) Pvt.Ltd എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തു. അപ്രകാരം ചുമതലപ്പെടുത്തിയ ഏജൻസി 17.07.2025-ൽ തുടർ പ്രവൃത്തികൾ ആരംഭിക്കുകയും ഏകദേശം 52% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത ആശുപത്രിയിലേക്ക് ആവശ്യമായി വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** 23/12/2025 തീയതിയിലെ സ.ഉ.(കൈ).നം.436/2025/ആ.കു.വ പ്രകാരം മട്ടന്നൂർ സ്പെഷ്യലിറ്റി ആശുപത്രിയിൽ ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1

ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി ) -1

ജൂനിയർ കൺസൾട്ടന്റ് ( പീഡിയാട്രിക്സ് )-1

ജൂനിയർ കൺസൾട്ടന്റ് ( അനസ്തേഷ്യ )-1

കൂടാതെ, മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ bare minimum തസ്തികകൾ, ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യത, മട്ടന്നൂർ സി.എച്ച് സിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി പ്രവർത്തന സജ്ജമാക്കാൻ അവശ്യം വേണ്ട വകപ്പുകൾ ഏതെല്ലാം, ടി വകപ്പുകളിലേയ്ക്ക് relevant norms പ്രകാരം ആവശ്യമായ തസ്തികകൾ, തസ്തികകളുടെ പുനർവിന്യാസ സാധ്യത എന്നിവ പരിശോധിച്ച് വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**